## 1172

പാപിക്കു മറവിടമേശു രക്ഷകൻ പാരിതിൽ വന്നു ജീവൻ തന്നവൻ
പരമോന്നതൻ കുരിശോളവും തന്നെത്താഴ്ത്തിയെന്നെയോർത്തവൻ

1 ഉലകത്തിൻ പാപത്തെ നീക്കുവാൻ ഉടലെടുത്തൂഴിയിൽ വന്നവൻ
ഉയിർ തന്നവൻ മൂന്നാം ദിനം ഉയിർത്തെഴുന്നു വാനിൽ ചെന്നവൻ-

2 എന്നുമുള്ളവൻ സർവ്വവല്ലഭൻ മണ്ണും വിണ്ണുമെല്ലാമുണ്ടാക്കിയോൻ
ഉന്നതാധിപൻ ഹീന പാപിയാമെന്നെത്തേടിവന്നതത്ഭുതം-

3 വഴി സത്യം ജീവനുമായവൻ വഴി പിശകാതെ നടത്തിടും
പൊഴിയും സദാ കൃപ മാരിപോൽ തേൻ മൊഴികൾ തൂകി താങ്ങിടും-

4 പാപഭാരം പേറി വലഞ്ഞിനി ശാപത്തീയിൽ വീണെരിയാതെ നാം
കൃപയേറിടും ക്രിസ്തുവേശുവിൻ കുരിശിൽ വിശ്രാമം നേടിടാം-

**M.E.C.**